10885
17/10/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ക്യാൻസർ സുരക്ഷാ പദ്ധതി - എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.619/2014/സാനീവ    തീയതി, തിരുവനന്തപുരം, 10.10.2014.

==========================================================================

പരാമർശം : 1. സ.ഉ.(എം.എസ്) നം. 68/2008/സാക്ഷേവ തീയതി 11.12.2008.

2. സ.ഉ (സാധാ) നം. 91/2010/സാക്ഷേവ തീയതി. 18.02.2010.

3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.09.2014 ലെ 20/പി2/2012/കെ.എസ്.എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

പതിനെട്ട് വയസ് വരെ പ്രായമുള്ള കുട്ടികളുടെ ക്യാൻസർ രോഗം സൗജന്യമായി ചികിത്സിക്കുന്നതിനായുള്ള ക്യാൻസർ സുരക്ഷാ പദ്ധതി സൂചന ഉത്തരവുകൾ പ്രകാരം ആവിഷ്കരിച്ച് തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ നിന്നും മറ്റ് ആശുപത്രികളിൽ നിന്നും ഉള്ള ക്യാൻസർ രോഗത്തിന്റെ തുടർ ചികിത്സയ്ക്കും മറ്റുമായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കുട്ടികൾ എത്തുന്നുണ്ടെന്നും, അപ്രകാരം എത്തുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി എറണാകുളം സർക്കാർ ആശുപത്രിയെയും കൂടി ക്യാൻസർ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (3) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയെ കൂടി ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
സൂപ്രണ്ട്/പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം
ഇൻഫർമേഷൻ ഓഫീസർ,വിവരപൊതുജന സമ്പർക്ക വകുപ്പ്(പ്രസിദ്ധീകരണത്തിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ